SUNDAY 25/01/2026 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT**

**GOVERNMENT OF KERALA**


**Chief Editor:** SINDHU. KS  **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/01/2026

1. നെല്ലിയാമ്പതി ഗവൺമെൻറ് ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ NATOURA' 26 എന്ന പേരിൽ ഒരു അഗ്രി ഹോർട്ടി ടൂറിസം ഫെസ്റ്റ് 2026 ഫെബ്രുവരി 5 മുതൽ 9 വരെ ഗവൺമെന്റ് ഓറഞ്ച് & വെജിറ്റബിൾ ഫാം നെല്ലിയാമ്പതിയിൽ നടത്തുന്നു. വിവിധ പ്രദർശന വിപണന സ്റ്റാളുകൾ, പുഷ്പ ഫല സസ്യ പ്രദർശനം, കാർഷിക സെമിനാറുകൾ, ക്വിസ് മൽസരങ്ങൾ, ഫുഡ് ഫെസ്റ്റ് കലാകായിക മത്സരങ്ങൾ എന്നീ പരിപാടികളോടെയാണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

2. കേരള കാർഷിക സർവ്വകലാശാലയുടെ ഭാഗമായി പ്രവർത്തിക്കുന്ന കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ (ATIC) ജൈവ ഉത്പാദനോപാദികൾ വിൽപ്പനയ്ക്ക്. അയർ, അയർ അറ്റിക്, അസോസ്പൈറില്ലം, അസൊാട്ടോബാക്റ്റർ, ബിവേറിയ, വാഴയ്ക്ക് ഉപയോഗിക്കുന്ന ജൈവ ജീവാണു നിയന്ത്രണ മിശ്രിതം, പച്ചക്കറികൾക്ക് ഉപയോഗിക്കുന്ന ജൈവ ജീവാണു നിയന്ത്രണ മിശ്രിതം, ജൈവവളക്കൂട്ട്, ജൈവ ഉദ്യാന മിശ്രിതം, ചകിരിച്ചോറ് അടിസ്ഥാനപ്പെടുത്തിയുള്ള ഇനോക്കുലം, ചകിരിച്ചോർ കമ്പോസ്റ്റ്,

തുള്ളിനന കിറ്റ്, ഇ എം ലായനി, സമ്പുഷ്ടീകരിച്ച ഉണക്ക ചാണകം, മിശ്രിതം നിറച്ച ഗ്രോ ബാഗ്, ഫിഷ് അമിനോ ആസിഡ്, ഗോമൂത്രം, ജീവാമൃതം, കവജ്, സ്യൂഡോമോണാസ് ലായനി, ട്രൈക്കോഡർമ ലായിനി, മെറ്റാറൈസിയം, മൈക്രോസോൾ, മൈക്രോ -സ്പ്രിംഗ്ലർ കിറ്റ്, നന്മ, വേപ്പ് -വെളുത്തുള്ളി - മുളക്സ്പ്രേ, തുടങ്ങിയവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കായി 0487-2370540, 0487-2371340 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റര് ഫോര് ഇ-ലേണിംഗ്) "Plant Propagation and Nursery Management" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവര് www.celkau.in എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.കോഴ്സ് ആരംഭിക്കുന്ന

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തിയ്യതി: 2026 ഫെബ്രുവരി 15. 2026 മാർച്ച് 15-ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതല് വിവരങ്ങള് പ്രസ്തുത വെബ്സൈറ്റില് ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയില് ആയോ 04872438567, 8547837256 എന്നീ ഫോണ് നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപനത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷന് സെന്ററില് 35 ദിവസം പ്രായമായ BV 380 കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് തയ്യാറായിരിക്കുന്നു. വില ഒന്നിന് ₹175/- രൂപ. ബുക്കിങ്ങിനായി വിളിക്കേണ്ട ഫോൺ നമ്പര് : 0487 2370773, 8547070773. വിളിക്കേണ്ട സമയം : രാവിലെ 10 മണി മുതൽ 4 മണി വരെ.

## കാർഷിക നിർദേശം

5. കുരുമുളകിന്റെ കൊടിത്തലകൾ മുറിച്ചെടുത്ത് വേര് പിടിപ്പിക്കാനായി തവാരണകളിൽ നടേണ്ട സമയമാണിത്. നല്ല വിളവ് തരുന്ന ആരോഗ്യമുള്ള തായ് വള്ളികളിൽ നിന്ന്കുറഞ്ഞത് മൂന്ന്മുട്ടുകളെങ്കിലുമുള്ള വള്ളികൾ വേണം തൈകൾക്ക് വേണ്ടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ശേഖരിക്കാൻ. നടീൽ മിശ്രിതം തയ്യാറാക്കുമ്പോൾ സ്യൂഡോമോണസ് ചേർക്കുന്ന തൈകൾ പെട്ടെന്ന് വളരുന്നതിനും രോഗ പ്രതിരോധശേഷി ലഭിക്കുന്നതിനും സഹായകമാണ്. പെട്ടെന്ന് വേര് പിടിച്ചുകിട്ടുന്നതിനായി ഹോർമോൺ ചികിത്സയും നടത്താം. ഒരു ഗ്രാം ഇൻഡോൾ ബ്യൂട്ടറിക് ആസിഡ് അൽപം ആൾക്കഹോളിൽ ലയിപ്പിച്ച്, വെള്ളം ചേർത്ത് ഒരു ലിറ്ററാക്കുക. തണ്ടുകളുടെ ചുവടറ്റം ഈ ലായനിയിൽ 45 സെക്കന്റ്സമയം മുക്കിയ ശേഷം നടാം. കമ്പുകൾ 10–15 ദിവസം തണലത്ത് വക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം